സാധനങ്ങൾ തുടങ്ങിയവക്കുള്ള ചെലവുകൾ രക്ഷിതാക്കൾ വഹിക്കേണ്ടതാണ്.

## ജലാലിയ്യ റാത്തീബ്

ആത്മീയ വിശുദ്ധി നേടുന്നതോടൊപ്പം ഇഹപര വിജയം കരസ്തമാക്കലാണ് റാത്തീബിന്റെ മർമ പ്രധാനമായ ലക്ഷ്യം. പ്രദേശത്ത് പടർന്ന് പിടിച്ചിരുന്ന മാരകരോഗങ്ങൾ തടയാനായി തൃപ്പനച്ചി ഉസ്താദിന്റെ നിർദ്ദേശ പ്രകാരം തുടക്കം കുറിക്കുകയും, ഒട്ടേറെ സത്ഫലങ്ങൾ ജനങ്ങൾക്ക് അനുഭവബോധ്യമാവുകയും ചെയ്ത ജലാലിയ്യ റാത്തീബ് എല്ലാ അറബിമാസത്തിലേയും മൂന്നാമത്തെ വെള്ളിയാഴ്ച സ്ഥാപനത്തിൽ നടത്തി വരുന്നു. മഹാൻമാരായ ഉലമാക്കളുടെയും സാദാത്തുക്കളുടെയും സാന്നിധ്യത്തിൽ നടത്തപ്പെടുന്ന റാത്തീബ് മജ്‌ലിസുകളിൽ ആയിരക്കണക്കിനാളുകൾ പങ്കെടുത്തു വരുന്നു.

## ജലാലിയ്യ ഓർഫനേജ്

അഗതികളും അനാഥരുമായ വിദ്യാർത്ഥികളുടെ പൂർണമായ സംരക്ഷണം ഏറ്റെടുത്ത് നടത്തുകയാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. സ്കൂൾ നാലാം തരം പൂർത്തിയാക്കിയ അഗതികളോ അനാഥരോ ആയ ആൺ കുട്ടികൾക്കാണ് പ്രവേശനം നൽകുന്നത്. 2011 സെപ്തംബർ 9-നാണ് അഗതി-അനാഥാലയത്തിന്റെ ഉദ്ഘാടനം നിർവഹിക്കപ്പെട്ടത്.

## അഭ്യർത്ഥന

സ്ഥാപനത്തിന് ഇനിയും ഒട്ടേറെ വിദ്യാഭ്യാസ സംരംഭങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. സ്പെഷ്യൽ സ്കൂൾ, തർബിയ്യത്ത് സെന്റർ, ഉർദു-അറബി ഡിപ്ലോമ സെന്റർ എന്നിവ തുടങ്ങാനിരിക്കുന്ന പദ്ധതികളിൽ ചിലതാണ്. നിലവിലുള്ള പദ്ധതികളുടെ പൂർത്തീകരണത്തിനും, പുതിയ പദ്ധതികൾ പ്രവർത്തനസജ്ജമാക്കാനും നമ്മുടെ കൂട്ടായ പ്രവർത്തനങ്ങൾ കൂടിയേ തീരൂ.

സ്ഥാപനത്തിന്റെ ദൈനം ദിനപ്രവർത്തനങ്ങൾക്കും വിദ്യാർത്ഥികളുടെ ഭക്ഷണചിലവുകൾക്കുമായിത്തന്നെ ഭീമമായ ഒരു സംഖ്യ മാസാന്തം വേണ്ടി വരുന്നുണ്ട്. ബിൽഡിംഗ് വിപുലീകരണത്തിനും സ്ഥല സൗകര്യങ്ങൾക്കുമായി വളരെ ഭാരിച്ച ചിലവുകൾ വർഷം തോറും സ്ഥാപനത്തിന് വഹിക്കേണ്ടതായിട്ടുണ്ട്. സ്ഥായിയായ വരുമാനങ്ങളൊന്നും തന്നെയില്ലാത്ത സ്ഥാപനത്തിന് ഉദാരമതികളായ സഹോദരീസഹോദരന്മാരുടെ സഹായ സഹകരണങ്ങൾ മാത്രമാണ് ആശ്രയം. ആയതിനാൽ സാമ്പത്തികമായും ശാരീരികമായും മറ്റുമുള്ള എല്ലാവിധ സഹായസഹകരണങ്ങളും അപേക്ഷിക്കുന്നതോടൊപ്പം, എല്ലാത്തിനും സർവശക്തനായ അല്ലാഹു തക്കപ്രതിഫലം നൽകട്ടെ, ആമീൻ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.



PROSPECTUS

# ശംസുൽ ഉലമാ മെമ്മോറിയൽ ഇസ്‌ലാമിക് കോംപ്ലക്സ്

മുണ്ടക്കുളം, മുതുപറമ്പ് പി.ഒ., കൊണ്ടോട്ടി വഴി,
മലപ്പുറം ജില്ല, കേരള - 673 638
ഫോൺ : 0483 271 6369, 9847 232 786
www.shamsululama.org, shamsululamacomplex@gmail.com.

ആത്മീയശിക്ഷണത്തിലൂന്നിയ മതഭൗതിക വിദ്യഭ്യാസത്തിലൂടെ സമൂഹത്തെ സമുദ്ധരിക്കുകയെന്ന ലക്ഷ്യവുമായി മുതുവല്ലൂർ പഞ്ചായത്തിലെ മുണ്ടക്കുളത്ത് നിലകൊള്ളുന്ന മഹത്തായ സ്ഥാപനമാണ് ശംസുൽ ഉലമാ മെമ്മോറിയൽ ഇസ്ലാമിക് കോംപ്ലക്സ്. 2007 മെയ് 11-ന് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ ഉദ്ഘാടനം നിർവഹിച്ച സ്ഥാപനത്തിലിപ്പോൾ ജലാലിയ്യ റാത്തീബ്, ജലാലിയ്യ അഗതി-അനാഥാലയം, ജമാലിയ്യ ശരീഅത്ത് കോളേജ്, തുടങ്ങിയ സംരംഭങ്ങൾ വിപുലമായ തോതിൽ പ്രവർത്തിക്കുന്നു.

പാണക്കാട് സയ്യിദ് അബ്ബാസലി ശിഹാബ് തങ്ങൾ, സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ, ചെറുശ്ശേരി സൈനുദ്ദീൻ മുസ്ലിയാർ, കോട്ടുമല ബാപ്പുമുസ്ലിയാർ, അബ്ദുൽ ഗഫൂർ ദാരിമി മുണ്ടക്കുളം, പി. അലവികുട്ടി ഹാജി മുതുപറമ്പ് എന്നിവർ നേതൃത്വം നൽകുന്ന കമ്മിറ്റിക്ക് കീഴിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്.

## സമാരംഭം

വലിയുല്ലാഹി കിഴിശ്ശേരി തൃപ്പനച്ചി മുഹമ്മദ് മുസ്ലിയാരുടെ(ഖ.സി) നിർദേശാനുസരണം വർഷങ്ങളായി നടന്ന് വരുന്ന ജലാലിയ്യ റാത്തീബിന്റെ പത്താം വാർഷികത്തോട് അനുബന്ധിച്ച്, ഒരുസ്ഥാപനം തുടങ്ങണമെന്ന മഹാന വർകളുടെതന്നെ നിർദേശപ്രകാരമാണ് ഈ മഹൽ സ്ഥാപനത്തിന് തുടക്കം കുറിച്ചിട്ടുള്ളത്. കോംപ്ലക്സിന് കീഴിൽ മതഭൗതിക സമന്വയ വിദ്യ ഭ്യാസത്തിലൂടെ ഇസ്ലാമിക കർമ്മശാസ്ത്രം-ലോകചരിത്രം, ആധുനിക ശാസ്ത്രം, സാമൂഹിക വിജ്ഞാനം തുടങ്ങിയ വിഷയങ്ങളിൽ പ്രാപ്തരായ സമൂഹത്തെ വാർത്തെടുക്കക എന്ന ലക്ഷ്യത്തോടെ പ്രവർത്തിച്ചുവരുന്ന മഹൽ സ്ഥാപനമാണ് ജമാലിയ്യ ശരീഅത്ത് കോളേജ്.

## ജമാലിയ്യാ ശരീഅത്ത് കോളേജ്

സകൂൾ നാലാം തരം പൂർത്തിയായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിച്ച് പ്രവേശനപരീക്ഷയിൽ വിജയിക്കുന്ന 30 വിദ്യാർത്ഥികൾക്ക് വർഷം തോറും അഡ്മിഷൻ നൽകി പന്ത്രണ്ട് വർഷത്തെ പ്രത്യേക പഠനപരിശീലനങ്ങ ളിലൂടെ സമസ്തയുടെ അംഗീകാരമുള്ള മത ബിരുദവും പുറമെ റഗുലറായി SSLC, +2, യു.ജി.സി അംഗീകാരമുള്ള യൂനിവേഴ്സിറ്റി ഡിഗ്രിയും നേടുന്ന പണ്ഡിതരെ സജ്ജരാക്കുകയാണ് ശരീഅത്ത്കോളേജിന്റെ ലക്ഷ്യം, പഠനത്തോ ടൊപ്പം തന്നെ പ്രസംഗം, കമ്പ്യൂട്ടർ, തുടങ്ങിയ മേഖലകളിൽ മികവുറ്റ പരിശീലനപരിപാടികളും നൽകുന്നതാണ് സ്ഥാപനത്തിന്റെ പാഠ്യക്രമം.



## അപേക്ഷ

മദ്റസാ നാലാം തരത്തിൽ പഠിച്ചികൊണ്ടിരിക്കുകയോ, പൂർത്തിയാ ക്കുകയോ ചെയ്യുകയും, സ്കൂൾ നാലാം തരം പൂർത്തിയാക്കുകയും ചെയ്ത വിദ്യാർത്ഥികളിൽ നിന്നാണ് അപേക്ഷ ക്ഷണിക്കുന്നത്. അപേക്ഷകർ വൃത്തിയായി പൂരിപ്പിച്ച അപേക്ഷയോടൊപ്പം ആധാർ കാർഡിന്റെ കോപ്പിയോ ജനനസർട്ടിഫിക്കറ്റിന്റെ കോപ്പിയോ സമർപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷ ഫോമുകൾ മെയ് മാസം 5-ാം തിയ്യതിക്ക് മുമ്പായി സ്ഥാപനത്തിൽ എത്തിക്കേണ്ടതാണ്.

## അഡ്മിഷൻ

അപേക്ഷകരിൽ നിന്നും സ്ഥാപനം നടത്തുന്ന സെലക്ഷൻ പരീക്ഷയിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പ്രവേശനം നൽകുന്നത്. യോഗ്യരായവർക്ക് മെയ് 8-ാം തിയ്യതി(വ്യാഴം) രാവിലെ 10 മണിക്ക് സ്ഥാപനത്തിൽ വെച്ച് പ്രവേശനപ്പരീക്ഷ നട ത്തുന്നതായിരിക്കും. മദ്റസ നാലാം തരം പാഠ്യപദ്ധതിക്കും പൊതുവിജ്ഞാനം , ഇംഗ്ലീഷ്, ഗണിതം, തുടങ്ങിയവ അടിസ്ഥാനമായിരുക്കും പ്രവേശന പരീക്ഷ. അപേക്ഷ കരായ വിദ്യാർത്ഥികൾ രക്ഷിതാക്കളോടൊപ്പം അന്ന് രാവിലെ പത്ത് മണിക്ക് മുമ്പായി സ്ഥാപനത്തിലെത്തിച്ചേരേണ്ടതാണ്. അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് ,ജനനസർട്ടിഫിക്കറ്റ്, ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ ഒരു ഫോട്ടോ കോപ്പിയും 2 കോപ്പി ഫോട്ടോയും നിർബന്ധമായും സമർപ്പിക്കേണ്ടതാണ്.

## പാഠ്യപദ്ധതി

പന്ത്രണ്ട് വർഷത്തെ മത ഭൗതിക സമന്വയ വിദ്യാഭ്യാസത്തിലധിഷ്ഠിതമായ പാഠ്യപദ്ധതിയാണ് സ്ഥാപനം മുന്നോട്ട് വെക്കുന്നത്. അറബി, ഉറുദു, ഇംഗ്ലീഷ്, മല യാളം ഭാഷാ പരിജ്ഞാനത്തോടൊപ്പം, പ്രസംഗം, എഴുത്ത്, കംമ്പ്യൂട്ടർ പരിശീലനങ്ങളും വിദ്യാർത്ഥികൾക്ക് നൽകുന്നു. കോഴ്സ് പൂർത്തിയാകുന്നതോടെ സമസ്തയുടെ അംഗീകാരമുള്ള മത ബിരുദവും, യൂനിവേഴ്സിറ്റി ഡിഗ്രിയും നേടാൻ സാധിക്കുന്ന തരത്തിലാണ് പാഠ്യപദ്ധതി ക്രമീകരിച്ചരിട്ടുള്ളത്.

## ചിലവുകൾ

വിദ്യാർത്ഥികളുടെ പഠനം, താമസം, ഭക്ഷണം, പ്രാഥമിക ചികിത്സ എന്നിവയുടെ ചിലവുകൾ സ്ഥാപനം വഹിക്കുന്നതാണ്. വസ്ത്രം, ചികിത്സ, ആവശ്യ